പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .130 — 04.02.2013-ൽ മറുപടിക്ക്

# തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ വാർഫ് മണ്ണടിഞ്ഞ് ബോട്ടുകൾക്ക് നങ്കൂരമിടാൻ കഴിയാത്ത അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ മണ്ണ് നീക്കം ചെയ്യാൻ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രഡ്ജിംഗ് പ്രവൃത്തി നടന്നു വരവെ വാർഫിന്റെ പ്രവേശന കവാടത്തിൽ ക്രമാതീതമായി മണ്ണടിയുന്നത് ശ്രദ്ധയിൽപ്പെടുകയും 19.12.12-ൽ എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിലും മത്സ്യബന്ധനതുറമുഖ വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിലും നടന്ന മീറ്റിംഗിലെ തീരുമാനപ്രകാരം മണ്ണ് നീക്കം ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചു. 185 ലക്ഷം രൂപയുടെ പുതിയ പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത മണ്ണ് നീക്കം ചെയ്യുന്നതിന് കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (ബി) | പ്രസ്തുത മണ്ണ് നീക്കം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ഇപ്പോൾ ഫണ്ട് ലഭ്യമായിട്ടില്ല. എന്നാൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും 52 ലക്ഷം രൂപ അനുവദിച്ചിരുന്നു. |
| (സി) | അമ്പലപ്പുഴ എം.എൽ.എ.യുടെ അഭ്യർത്ഥനപ്രകാരം ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (സി) | നടപ്പാക്കിയിട്ടുണ്ട്. തോട്ടപ്പള്ളി ഹാർബറിന്റെ വിപുലീകരണത്തിനും ഭാവിയിൽ മണ്ണടിയുന്നത് തടയുന്നതിനും ശാശ്വത പരിഹാരം കാണുന്നതിനായി മോഡൽ സ്റ്റഡി നടത്തുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ